# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 622 - 02/04/2018 -ലെ മറുപടിക്ക്

### ബാങ്കുകളുടെ ജപ്തി നടപടി

ചോദ്യം — ഉത്തരം


ശ്രീ. പി. കെ. ശശി
ശ്രീ. എസ്. ശർമ്മ
ശ്രീ. കെ. ആൻസലൻ
ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)


| | ചോദ്യം | ഉത്തരം |
|---|---|---|
| എ | ഭവനരഹിതർ ഇല്ലാത്ത സംസ്ഥാനം എന്ന ലക്ഷ്യം നേടാൻ പ്രയത്നിക്കുന്ന സാഹചര്യത്തിൽ കർഷകരും ചെറുകിട കച്ചവടക്കാരും ഉൾപ്പെടെയുള്ളവരുടെ വായ്പകൾ, കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനം, ജി. എസ്. ടി., ഉല്പന്നങ്ങളുടെ വില തകർച്ച തുടങ്ങിയ കാരണങ്ങളാൽ കുടിശ്ശികയാകുന്നതിനെ തുടർന്ന് കിടപ്പാടം ജപ്തി ചെയ്യുന്നത് ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിക്കാതെ ബാങ്കുകൾ ജപ്തി നടപടി തുടരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ജി.എസ്.ടി. അനുബന്ധ ബുദ്ധിമുട്ടുകൾ കൊണ്ട് ലോൺ തിരിച്ചടയ്ക്കാൻ പ്രയാസപ്പെടുന്ന ചെറുകിട വ്യാപാരികളുടെ അക്കൗണ്ടുകൾ കുടിശ്ശികയായി പരിഗണിക്കുന്നത് ആറു മാസം വരെ കാലാവധി നീട്ടുവാൻ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ബാങ്കുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ഈ നടപടി അത്തരക്കാർക്ക് ലോൺ തിരിച്ചടവ് നടത്തുന്നതിന് സാവകാശം ലഭിക്കുന്നതിന് ഉപകരിക്കുമെന്ന് കരുതുന്നു. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ബാങ്കുകൾ സ്വീകരിക്കുന്ന ഏതെങ്കിലും നടപടികളുടെ ഫലമായി ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്ന പ്രശ്നങ്ങൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി | 2002 ൽ കൊണ്ടുവന്ന സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ( സർഫേസി) നിയമം വായ്പയെടുത്ത് വീടുവച്ച നിരവധി പേരെ വഴിയാധാരമാക്കുന്നതിനാൽ പാവപ്പെട്ടവരുടെ താല്പര്യസംരക്ഷണത്തിനായി പ്രസ്തുത നിയമത്തിൽ ഉചിതമായ ഭേദഗതി വരുത്താൻ | ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകിക്കൊണ്ട് വായ്പയെടുത്തിട്ടുള്ള നിർധന കുടുംബങ്ങളിൽ നിന്നും സർഫേസി നിയമത്തിന്റെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വായ്പാകുടിശ്ശിക ഈടാക്കുന്നതുമൂലം വായ്പാക്കാർ ദുരിതത്തിലാകുന്നുവെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന |

| | | |
|---|---|---|
| | കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | ബാദ്ധ്യതയ്ക്ക് 2002-ലെ സർഫേസി നിയമത്തിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത നിയമത്തിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 2017 ആഗസ്റ്റ് 21 -ന് കേരള നിയമസഭ ഐകകണ്ഠേന പാസാക്കിയ പ്രമേയം കേന്ദ്രസർക്കാരിന് അയച്ചു കൊടുക്കുകയും ആവശ്യമായ നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |
| സി | സംസ്ഥാനത്ത് കടിശ്ശിക പിടിച്ചെടുക്കുന്നതിന് റിലയൻസുൾപ്പെടെയുള്ളവരുടെ കീഴിലുള്ള കടം തിരിച്ച് പിടിക്കൽ സ്ഥാപനങ്ങളെ, ദേശസാൽകൃത ബാങ്കുകൾ പോലും നിയമിക്കുന്നത് അവസാനിപ്പിക്കാൻ വേണ്ട ഇടപെടൽ നടത്തുമോയെന്നറിയിക്കാമോ? | കേന്ദ്ര നിയമമായ സർഫേസി നിയമത്തിന്റെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ബാങ്കുകൾ അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനികൾക്ക് ലോണുകൾ കൈമാറുന്നത്. എന്നാൽ ബാങ്കുകൾ തങ്ങളുടെ കിട്ടാക്കടങ്ങൾ ഇത്തരം കമ്പനികൾക്ക് കൈമാറുന്നതുമൂലം പൊതുജനങ്ങളിൽ നിന്നും പരാതികൾ ലഭിക്കുന്ന പക്ഷം ആയത് കേന്ദ്ര സർക്കാർ / റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ